## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 793** **09.08.2017-ന് മറുപടിയ്ക്ക്**

## വനം കൈയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വനം കൈയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ടെത്തിയിട്ടുണ്ട്.<br>കൊല്ലം സതേൺ സർക്കിളിനു കീഴിൽ പുനലൂർ ഡിവിഷനിലെ അമ്പനാർ സ്റ്റേഷൻ പരിധിയിലും, ഏരൂർ സ്റ്റേഷൻ പരിധിയിലും കണ്ടെത്തിയിട്ടുണ്ട്.<br><br>കോട്ടയം ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം ഡിവിഷനിലെ ഉളുപ്പൂണിക്കാനത്തും, കോതമംഗലം ഡിവിഷനിലെ കുടയത്തൂർ, ആൾക്കല്ല് ഭാഗങ്ങളിലും, മൂന്നാർ ഡിവിഷനിലെ ചട്ടമൂന്നാർ ചെക്ക് പോസ്റ്റിനു സമീപം മൂന്നാർ - ഉടുമല റോഡ്സൈഡിലും, മാങ്കുളം ഡിവിഷനിലെ കല്ലാർ സെക്ഷനിലും കൈയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.<br><br>പാലക്കാട് ഈസ്റ്റേൺ സർക്കിളിനു കീഴിൽ മണ്ണാർക്കാട് ഡിവിഷനിലെ പുതൂർ, പാലക്കയം, ഒമ്മല എന്നിവിടങ്ങളിലും, നെന്മാറ ഡിവിഷനിലെ മംഗലം ഡാം പ്രദേശത്തും, പാലക്കാട് ഡിവിഷനിലെ മലമ്പുഴ, അകത്തെത്തറ എന്നിവിടങ്ങളിലും കൈയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.<br><br>പാലക്കാട് വന്യജീവി വിഭാഗം സർക്കിൾ പരിധിയിൽ പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ഒളകര ആദിവാസി കോളനിയോട് ചേർന്ന് വനം കൈയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടിട്ടുണ്ട്.<br><br>കണ്ണൂർ നോർത്തേൺ സർക്കിളിനു കീഴിൽ കോഴിക്കോട് ഡിവിഷനിലെ കാന്തലാട്, കൂരാച്ചുണ്ട്, ചെമ്പനോട, കോടഞ്ചേരി എന്നീ സ്ഥലങ്ങളിലായി എട്ട് ഇടങ്ങളിൽ കൈയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ ? | (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.2015 ലെ ഒ.പി.നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനംകൈയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കൈയ്യേറ്റങ്ങൾ യഥാസമയം |

| | | | |
|---|---|---|---|
| | | | കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റയിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.<br>നഗരമ്പാറ, മൂന്നാർ റെയിഞ്ചുകളിലെ കൈയ്യേറ്റം ഒഴിപ്പിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ഒളകര ആദിവാസി കോളനിയോട് ചേർന്ന് കണ്ടെത്തിയ വനം കൈയ്യേറ്റം 04.07.2017 ന് പൂർണ്ണമായി ഒഴിപ്പിച്ച് നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല സ്റ്റേഷൻ പരിധിയിലെ കുറുക്കൻകുണ്ട് ഭാഗത്തെ 12 ഏക്കറോളം സ്ഥലത്തെ നിക്ഷിപ്ത വനം കൈയ്യേറ്റം 21.07.2017 ന് ഒഴിപ്പിച്ച് ഒ.ആർ. 9/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**